<u>20/25/2026 വർഷത്തെ ബിസിസി</u>

<u>(അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ ) വാർഷിക റിപ്പോർട്ട്)</u>

<u>മരിയനാട് ഇടവക</u>

സഭ ദൈവജനമാണ് എന്ന മഹത്തായ ദർശനത്തിൽ നിന്നാണ് അതിരൂപതയിൽ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾക്ക് (ബി.സി.സി) തുടക്കം കുറിച്ചത്. കാലത്തിവെല്ലുവികളും പ്രാദേശിക യാഥാർത്ഥ്യങ്ങളും മനസ്സിലാക്കി വിശ്വാസജീവചതം കൂടുതൽ സജീവമാക്കുശയും സാമൂഹ്യ മനോഭാവം വളർത്തുകയും ചെയ്യുക എന്നതാണ് ബി.സി.സിയുടെ ലക്ഷ്യം. ഇടവകയുടെ സമഗ്രമായ ആത്മീയ സമൂഹിക സാംസ്കാരിക വികസവും ലക്ഷ്യമാക്കി മരിയനാട് ഇടവകയിൽ ബി.സി.സി കൂട്ടായ്മകൾ ഈ വർഷവും ഡശക്തമായി പ്രവർത്തിച്ചു.

<u>സമിതി ഘടന</u>

ബി.സി.സി. കോഡിനേർ : ശ്രീമതി. ഷീജ അരുളപ്പൻ

ബി.സി.സി. സെക്രട്ടറി: ശ്രീമതി. ജൂലറ്റ് സോണി

എക്സിക്യൂടീവ് അംഗങ്ങൾ (വാർഡ് സെക്രട്ടറിന്മാർ)

ഡെഷ്നി.വിപിൻ, സെൽവം.സെൽവൻ, ഷീജ.അരുളപ്പൻ, റാണി ജോസ്, ഫ്രീഡ.ജോഷി, ആശ്ലറ്റ് ജൂസ, ചിക്കു. ഇമ്മാനുവേൽ, റീജ അനിൽ, അന്തോനിയമ്മ

<u>യൂണിറ്റ് ഘടനയും പ്രവർത്തന രീതിയും</u>

മരിയനാട് ഇടവകയിൽ 25 മുതൽ 45 വരെ കുടംബങ്ങൾ ഉള്ള 60 ബി.സി.സി. യൂണിറ്റ് കൂട്ടായ്മ നിലവിലുണ്ട്. ഇവയെ 6 യൂണിറ്റ് വീതം 10 വാർഡുകളായി ക്രമീകരിച്ചിരിക്കുന്നു. ഓരോ വാർഡിനും ചുമതലയുള്ള കൺവീനന്മാരും സെക്രട്ടറിമാരും മുഖേന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും കാര്യക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഓരോ മാസവും വചനധ്വനി (വിഷയാടിസ്ഥിതമായിയുള്ള യോഗ ക്രമവും, പ്രാർത്ഥനകളും ഉൾക്കൊള്ളുന്ന ബുക്ക്ലെറ്റ്.) അടിസ്ഥാനമാക്കി യൂണിറ്റ് തല യോഗങ്ങൾ ക്രമമായി സംഘടിപ്പിക്കുകയും എല്ലാ അംഗങ്ങളുടെയും സാന്നിധ്യം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ശ്രദ്ധ ചെലുത്തുകയും ചെയ്തു. ഇടവകയിലെ വിവിധ കമ്മീഷനുകളുടെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുകയും അവയുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുകയും ചെയ്യുന്നതിൽ ബി.സി.സി. യൂണിറ്റുകൾ നിർണായക പങ്കുവഹിച്ചു.

പരിശീലനവും നേതൃത്വ വികസനവും

ബി.സി.സി. യുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി അൽമായരും സന്യസ്തരും അടങ്ങുന്ന 15 ഓളം പരിശീലനം നേടിയ റിസോഴ്സ് ടീം അംഗങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. അവർ യൂണിറ്റ് യോഗങ്ങളിൽ പങ്കെടുത്തു ആവശ്യമായ

മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ, എല്ലാ യൂണിറ്റ് ലീഡർമ്മാർക്കും വേണ്ട പരിശീലനങ്ങൾ നൽകുകയും മികച്ച നേതൃത്വ വളർച്ച ഉറപ്പാക്കുകയും ചെയ്തു.

<u>അത്മീയ പ്രവർത്തനങ്ങൾ</u>

ഓരോ ഞായറാഴ്ചയും ആദ്യ രണ്ട് ദിവ്യബലികൾക്ക് യൂണിറ്റ് അടിസ്ഥാനത്തിൽ ബി.സി.സി. അംഗങ്ങൾ ക്രമീകരണ നേതൃത്വം നൽകുന്നു. അതിലൂടെ ആരാധനക്രമം സജീവവും ജനപങ്കാളിത്തമുള്ളതുമാകുന്നു.ഒക്ടോബർ മാസത്തിൽ എല്ലാ ഭവനങ്ങളിലും ജപമാല പ്രാർത്ഥന ഭക്തിപൂർവ്വം നടത്തുവാൻ യൂണിറ്റ് ഭാരവാഹികൾ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. ഇടവക തിരുനാളിനോടനുബന്ധിച്ച് നടത്തിയ 24 മണിക്കൂർ ദിവ്യകാരുണ്യ ആരാധന പ്രചോദനമായി. നോമ്പുകാലത്ത് കുരിശിന്റെ വഴി പ്രാർത്ഥനയ്ക്ക് വാർഡ് അടിസ്ഥാനത്തിൽ നേതൃത്വം നൽകുന്നു.

<u>സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ</u>

പ്രതിമാസ യോഗങ്ങളിൽ വചനാടിസ്ഥാനങ്ങൾ ചർച്ചകൾ നടത്തി ദൗത്യങ്ങൾ തീരുമാനിക്കുകയും പ്രാവർത്തികമാക്കുക യും ചെയ്യുന്നു.വാർഡ് തലത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു. ഒപ്പം പാവപ്പെട്ടവരെ സഹായിക്കുന്നു. ഇടവക തിരുനാളിനോടനുബന്ധിച്ച് ബി.സി.സി.വാർഷികാഘോഷം നടത്തുന്നു. ബി.സി.സിയിലെ അംഗങ്ങളുടെ കലാവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനു കലാപരിപാടികൾ നടത്തുന്നു. തിരുനാൾ ഒരുക്കങ്ങളിൽ ബി.സി.സി. യൂണിറ്റുകളുടെ സജീവ പങ്കാളിത്തം ഇടവകയുടെ കൂട്ടായ്മ മനോഭാവം കൂടുതൽ ശക്തിപ്പെടുത്തി.യൂണിറ്റ് തലത്തിൽ വിദ്യാഭ്യാസ സഹായവും ; പരീക്ഷകൾ വിജയിച്ചവർക്ക് അനുമോദനങ്ങളും നടത്തുന്നു. കടപ്പുറവും വഴിയോരങ്ങളും യൂണിറ്റ് തലത്തിൽ വൃത്തിയാക്കുന്നു.

കുടുംബ പങ്കാളിത്തവും ഏകോപനവും

ബി.സി.സി. ഭാരവാഹികളും കോഡിനേറ്ററും ചേർന്ന് എല്ലാ കുടുംബങ്ങളുടെയും സാന്നിധ്യം യൂണിറ്റ് യോഗങ്ങളിൽ ഉറപ്പുവരുത്തുന്നതിനായി പരിശ്രമിച്ചു. കുടുംബങ്ങളുടെ സജീവ പങ്കാളിത്തം വഴി ഇടവക ജീവിതം കൂടുതൽ ശക്തവും സജീവവുമായ വിശ്വാസ സമൂഹമായി മാറാൻ സഹായമായി. മരിയനാട് ഇടവകയിലെ

ബി.സി.സി.പ്രവർത്തനങ്ങൾ വിശ്വാസജീവിതത്തെ ആഴത്തിൽ നയിക്കുകയും കുടുംബങ്ങളെയും സമൂഹത്തെയും ഏകോപിപ്പിക്കുകയും ചെയ്യുന്നതിൽ ഈ വർഷം ശ്രദ്ധേയമായ സംഭാവന നൽകി.

ഉപസംഹാരം

കൂട്ടായ്മയിൽ ജീവിക്കുന്ന സഭ എന്ന ദർശനം സാക്ഷാത്കരിക്കുന്നതിനായി ബി.സി.സി.കൂട്ടായമകൾ ഭാവിയിലും കൂടുതൽ ശക്തമായി മുന്നേറട്ടെ എന്ന് പ്രത്യാശിക്കുന്നു. ദൈവകൃപയും ഇടവക ജനങ്ങളുടെ സഹകരണവും കൊണ്ട് ഈ ശുശ്രൂഷ കൂടുതൽ ഫലപുഷ്ടിയോടെ തുടരട്ടെ എന്ന് പ്രാർത്ഥിക്കുന്നു..